മാതൃഭൂമി

14 January 2026

# ലക്ഷദ്വീപിൽ ഫിഷറീസ് ഹബ്ബ് വേണമെന്ന് നിർദേശം

**കൊച്ചി**▸ ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ വികസനത്തിന് എല്ലാ ദ്വീപുകളെയും ബന്ധിപ്പിക്കുന്ന വിധത്തിൽ സംയോജിത ഫിഷറീസ് ഹബ്ബ് സ്ഥാപിക്കണമെന്ന് നിർദേശം.

മത്സ്യവിപണനം സുഗമമാക്കുന്നതിനും മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനുമുള്ള ഏകജാലക സംവിധാനം യാഥാർഥ്യമാക്കാൻ ഈ നീക്കം അനിവാര്യമാണെന്ന് കവരത്തിയിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമം അഭിപ്രായപ്പെട്ടു.



▶ ലക്ഷദ്വീപിലെ കവരത്തിയിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമത്തിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പ്രസംഗിക്കുന്നു

സിഎംഎഫ്ആർഐയ്ക്ക് കീഴിലുള്ള ലക്ഷദ്വീപ് കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ദ്വീപ് ഫിഷറീസ് വകുപ്പുമായി ചേർന്നാണ് മത്സ്യമേള സംഘടിപ്പിച്ചത്.

സമാപന ചടങ്ങിൽ ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ. ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് കെവികെ മേധാവി ഡോ. പി.എൻ. ആനന്ദ് എന്നിവർ സംസാരിച്ചു.